കമ്പനി മാനേജരുടെ പേരിൽ ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ ഫയൽ ചെയ്ത കേസ്സ് മാനേജർ തൊഴിലുടമയല്ല എന്ന കാരണത്താൽ വെറുതെ വിടുകയും, ബ്രൈമൂർ എസ്റ്റേറ്റ് ഡയറക്ടറുടെ പേരിൽ ഫയൽ ചെയ്ത കേസ്സിനെതിരെ എസ്റ്റേറ്റിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് ഡയറക്ടർ ഹൈക്കോടതിയെ സമീപിച്ച് അനുകൂലമായ വിധി വാങ്ങിയ സാഹചര്യത്തിലും ടി എസ്റ്റേറ്റുകളിലെ തൊഴിലാളികൾക്ക് നിയമത്തിൽ അനുശാസിക്കുന്ന ആനുകൂല്യങ്ങൾ പൂർണ്ണമായും ലഭ്യമാക്കാൻ സാധിക്കാതെ വന്നിട്ടുണ്ട്.

(ബി) പീരുമേട് ടീ കമ്പനി എസ്റ്റേറ്റ് മാനേജരുടെ പേരിലും ബ്രൈമൂർ എസ്റ്റേറ്റ് സൂപ്രണ്ടിന്റെ പേരിലുമാണ് ഇവ രജിസ്റ്റർ ചെയ്തിട്ടുള്ളത്.

(സി) ഈ തോട്ടം ഉടമകൾക്കെതിരെ അപ്പീൽ ഫയൽ ചെയ്യുന്ന കാര്യം പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

46 (1885) കോട്ടയ്ക്കൽ ഇ.എസ്.ഐ ഡിസ്പെൻസറി

ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. കെ. പി.എ. മജീദ് :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കോട്ടയ്ക്കലിൽ എല്ലാവിധ സൗകര്യങ്ങളോടുംകൂടി ഇ.എസ്.ഐ ഡിസ്പെൻസറി സജ്ജീകരിക്കുവാൻ നടപടികളെടുക്കണമെന്ന് എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് കോർപ്പറേഷൻ നിർദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) ഇക്കാര്യത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) മലപ്പുറം ജില്ലയിലെ കോട്ടയ്ക്കലിൽ ഒരു ഇ.എസ്.ഐ ഡിസ്പെൻസറി സ്ഥാപിക്കുന്നകാര്യം പരിശോധിക്കണമെന്ന് ഇ.എസ്.ഐ കോർപ്പറേഷൻ നിർദ്ദേശിച്ചിരുന്നു. എന്നാൽ ഇ.എസ്.ഐ ചട്ടങ്ങൾ പ്രകാരം പുതിയ ഡിസ്പെൻസറി സ്ഥാപിക്കുന്നതിന് വേണ്ടത്ര തൊഴിലാളികൾ നിർദ്ദിഷ്ട ചുറ്റളവിൽ ഇല്ലെന്നാണ് പരിശോധനയിൽ മനസ്സിലായത്. കൂടുതൽ തൊഴിലാളികളെ ഇ.എസ്.ഐ. അംഗങ്ങളാക്കി ഡിസ്പെൻസറി സ്ഥാപിക്കുന്നതിനുള്ള ബാധ്യത ആരായാവുന്നതാണ്.

47 (1887) ബാലനീതി നിയമം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് സംവിധാനം

പ്രൊഫ: മീനാക്ഷി തമ്പാൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. പി.എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബാലനീതി നിയമം കാര്യക്ഷമമായി നടപ്പാക്കുന്നതിന് എന്തെങ്കിലും സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇപ്പോൾ ഏർപ്പെടുത്തിയിരിക്കുന്ന സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ഇതിലെ പോരായ്മകൾ പരിഹരിച്ച് കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1986-ലെ ചൈൽഡ് ലേബർ (പ്രൊഹിബിഷൻ ആന്റ് റഗുലേഷൻ നിയമവും 1993-ലെ കേരള ചൈൽഡ് ലേബർ പ്രൊഹിബിഷൻ ആന്റ് റഗുലേഷൻ റൂൾസും പ്രകാരം 14 വയസ്സിൽതാഴെ പ്രായമുള്ള കുട്ടികളെ കൊണ്ട് കഠിനാദ്ധ്വാനം ആവശ്യമുള്ളതും അപകടകരവുമായ തൊഴിൽ ചെയ്യുന്നത് നിരോധിച്ചിട്ടുണ്ട്. അപകടകരമല്ലാത്ത തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന കുട്ടികൾക്ക് നിയമാനുസരണം ലഭിക്കേണ്ട ആനുകൂല്യങ്ങൾ ഉറപ്പുവരുത്തുവാൻ തൊഴിൽ വകുപ്പിന്റെ ആഭിമുഖ്യത്തിൽ കർശന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 1960-ലെ കേരള ഷോപ്പ്സ് ആന്റ് എസ്റ്റാബ്ലിഷ്മെന്റ് ആക്ടിലെ സെക്ഷൻ 19 പ്രകാരം അപ്രന്റീസ് ആയിട്ടല്ലാതെ കുട്ടികളെക്കൊണ്ട് തൊഴിൽ ചെയ്യിക്കരുതെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. തൊഴിൽ വകുപ്പിലെ രണ്ടാം ഗ്രേഡ് അസിസ്റ്റന്റ് ലേബർ ഓഫീസർമാർ നിലവിലുള്ള നിയമങ്ങൾ കർശനമായി നടപ്പാക്കിവരുന്നു. അസിസ്റ്റന്റ് ലേബർ ഓഫീസറന്മാരുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും അവരുടെ മേൽനോട്ടം നിർവ്വഹിക്കുന്നതിനുമായി ഓരോ ജില്ലയിലും ജില്ലാ ലേബർ ഓഫീസർമാരെ (എൻഫോഴ്സ്മെന്റ്) ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഇവർ കൂട്ടായി സ്കാഡ് പ്രവർത്തനവും നടത്തിവരുന്നു. നിയമലംഘനം നടത്തുന്നതായി ബോധ്യപ്പെടുന്ന സാഹചര്യത്തിൽ തൊഴിൽ ഉടമകൾക്കെതിരായി പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിക്കുന്നുണ്ട്. 1997-ൽ 9 പ്രോസിക്യൂഷൻ കേസ്സുകളും 1996-ൽ 13 കേസ്സുകളും ഫയൽ ചെയ്തിട്ടുണ്ട്.

(സി) നിലവിലുള്ള നിയമങ്ങളിലെ പോരായ്മകൾ പരിഹരിക്കുന്നതിനും സംസ്ഥാനത്ത് ബാലവേല പൂർണ്ണമായും നിരോധിക്കുന്നതിനുമായി തയ്യാറാക്കിയിട്ടുള്ള ബാലവേല നിരോധന ബില്ലിന്റെ കരട് സർക്കാർ പരിശോധിച്ചുവരുന്നു.

48 (1889) ചെറുകിട വൈദ്യുത പദ്ധതികൾ

ശ്രീ. കെ.പി. സതീശ്ചന്ദ്രൻ :
ശ്രീ. പി. വിശ്വൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. എൻ.ആർ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡീസൽ താപവൈദ്യുത നിലയങ്ങളുടെ വർധിച്ചുവരുന്ന നിർമ്മാണചെലവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly